# തെരഞ്ഞെടുപ്പും കോവിഡും

സംസ്ഥാനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തെരെഞ്ഞെടുപ്പിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. വ്യക്തികളിലോ കുടുംബങ്ങളിലോ ചെറുപ്രദേശങ്ങളിലോ ഒതുങ്ങി നിൽക്കുന്ന കോവിഡ് വ്യാപനം കൂടുതൽ വ്യക്തികളിലേക്കും ഇടങ്ങളിലേക്കും വ്യാപിക്കുന്നതിന് തെരെഞ്ഞെടുപ്പ് പ്രചരണപ്രവർത്തനങ്ങളും തെരെഞ്ഞെടുപ്പ് തന്നെയും വഴി തെളിക്കാം എന്നത് തികച്ചും യുക്തിസഹമാണല്ലോ. മാത്രമല്ല ലോകത്ത് പൊതുതെരെഞ്ഞെടുപ്പ് നടന്നയിടങ്ങളിലെല്ലാം കോവിഡ് വ്യാപനം രൂക്ഷമായിട്ടുണ്ട്. കേരളത്തിലാണെങ്കിൽ നവമ്പർ മാസത്തിൽ കോവിഡിന്റെ പ്രതിവാര പോസിറ്റിവിറ്റി നിരക്ക് പതിയെ താഴേക്ക് വരുന്ന കാഴ്ച്ചയാണ് കണ്ടിരുന്നത്. നവംബർ പകുതിയോട് കൂടി പ്രതിവാര പോസിറ്റിവിറ്റി നിരക്കിലുള്ള കുറവ് പത്ത് ശതമാനത്തിലധികം എത്തിയിരുന്നു. ഇത് തുടർന്നിരുന്നെങ്കിൽ വർഷാവസാനത്തോടെ കോവിഡ് കേസുകൾ സംസ്ഥാനത്ത് വളരെ താഴ്ത്തിക്കൊണ്ട് വരാൻ കഴിയുമായിരുന്നു. എന്നാൽ നവമ്പർ അവസാനത്തോടെ പ്രതിവാര കോവിഡ് കേസുകളിലുണ്ടായ കുറവ് നാമമാത്രമായി ചുരുങ്ങിയിരിക്കുന്നു. സംസ്ഥാനത്തെ പകുതിയിലധികം ജില്ലകളിൽ കേസുകൾ കൂടുന്ന പ്രവണതയും കാണുന്നു. ഇതിന്റെ ഒരു ഭാഗം തെരെഞ്ഞെടുപ്പ് പ്രചരണവുമായി ബന്ധപ്പെട്ടതാണെന്നതിന് തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരിൽ കൂടുതലായി കണ്ടെത്തുന്ന രോഗബാധ തന്നെയാണ് തെളിവ്. കേരള സമൂഹം ഒന്നടങ്കം പൊരുതിയാണ് കോവിഡ് വ്യാപനത്തെ ഒരു വിധം തടഞ്ഞ് നിർത്തിയിരിക്കുന്നത്. ശ്രദ്ധിച്ചില്ലെങ്കിൽ തെരെഞ്ഞെടുപ്പ് പ്രക്രിയക്ക് കോവിഡ് വ്യാപനം വളരെ രൂക്ഷമാക്കാൻ കഴിയും. കൂടുതൽ ആശുപത്രിവാസങ്ങൾക്കും മരണങ്ങൾക്കും ഇടയാക്കും എന്നത് മാത്രമല്ല നമ്മുടെ സംവിധാനങ്ങൾക്ക് കൈകാര്യം ചെയ്യാൻ കഴിയാത്ത അളവിൽ രോഗം വർദ്ധിക്കാനുള്ള സാധ്യതയുമുണ്ട്. **സ്ഥാനാർത്ഥികൾ ഉൾപ്പെടെയുള്ള പ്രവർത്തകർ , തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, തെരഞ്ഞെടുപ്പ് കമ്മീഷൻ, പൊതുജനങ്ങൾ എന്നിങ്ങനെ ഈ പ്രക്രിയയിൽ പങ്കാളികളായ എല്ലാവരും ശ്രദ്ധിക്കേണ്ടതുണ്ട്.** ഇതുമായി ബന്ധപ്പെട്ട് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ നിർദ്ദേശങ്ങൾ പൊതു സമൂഹത്തിന് മുൻപിൽ സമർപ്പിക്കുന്നു.



**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**



# തെരഞ്ഞെടുപ്പിനു മുമ്പ്

## പോളിങ് ഉദ്യോഗസ്ഥരുടെ പരിശീലനം.

- പരമാവധി 30– 40 ആളുകളെ പങ്കെടുപ്പിച്ചു കൊണ്ട്, വായു സഞ്ചാരമുള്ള ഹാളിൽ പരിശീലന പരിപാടി സംഘടിപ്പിക്കുക.
- ഹാളിൽ കയറുന്നതിനു മുമ്പ് ശരീര താപനില പരിശോധിക്കുക.
- കൈ കഴുകുന്നതിനോ സാനിറ്റൈസ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക.
- ശരിയായ രീതിയിൽ കൈ കഴുകുന്നതിന്റെയും സാനിറ്റൈസ് ചെയ്യുന്നതിന്റെയും പോസ്റ്ററുകൾ പ്രദർശിപ്പിക്കുക.
- ഹാളിനുള്ളിൽ ഇരിപ്പിടം ശാരീരിക അകലം പാലിച്ച് ക്രമീകരിക്കുക.
- മേശ, കസേര, ഡോർ നോബുകൾ, ഹാൻ്റ് റെയിൽ എന്നിവ നിശ്ചിത ഇടവേളകളിൽ അണുനാശിനി കൊണ്ട് തുടച്ചിരിക്കണം.
- ഭക്ഷണ വിതരണത്തിന് ബുഫെ സംവിധാനം ഏർപ്പെടുത്താം.
- ഒരുമിച്ച് ഭക്ഷണം കഴിക്കുമ്പോൾ അഭിമുഖമായി ഇരിക്കാതെ ശ്രദ്ധിക്കണം.
- ഇടവേളകളിൽ പരസ്പരം സംസാരിക്കുമ്പോൾ മാസ്ക് താഴ്ത്താതെ സംസാരിക്കാനുള്ള ബോധവത്കരണം നൽകണം.
- പനിയോ ശ്വാസകോശ രോഗ ലക്ഷണങ്ങളോ ഉള്ളവർ പരിശീലന പരിപാടിയിൽ പങ്കെടുക്കാതെ ശ്രദ്ധിക്കണം.

## പത്രികാ സമർപ്പണം (ഇനി വരുന്ന തെരഞ്ഞെടുപ്പുകളിൽ)

- പത്രികാ സമർപ്പണത്തിന് സ്ഥാനാർത്ഥികൾ ഉൾപ്പെടെ 3 പേർ മാത്രം.
- പത്രികാ സമർപ്പണത്തിന് മുമ്പ് സോപ്പിട്ട് കൈ കഴുകുകയോ സാനിറ്റൈസ് ചെയ്യുകയാേ വേണം.
- നിശ്ചിത സമയപരിധി നിശ്ചയിച്ച് നേരത്തെ സ്ഥാനാർത്ഥികളെ അറിയിക്കാം.
- ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികളും അവരുടെ ആളുകളും ഒന്നിച്ചു വരുന്ന അവസ്ഥ ഉണ്ടായാൽ അവർക്ക് ശാരീരിക അകലം പാലിച്ച് കാത്തിരിക്കാനുള്ള സ്ഥലം/ഹാൾ കരുതി വെക്കണം.
- പത്രികാ സമർപ്പണ സമയത്ത് ആൾക്കൂട്ടം ഒഴിവാക്കണം.

## രാഷ്ട്രീയ പാർട്ടി യോഗങ്ങൾ.

- രാഷ്ട്രീയ പാർട്ടി യോഗങ്ങളിൽ മാസ്ക്, സാനിറ്റൈസേഷൻ, ശാരീരിക അകലം എന്നിവ പാലിക്കുന്നു എന്ന് ഉറപ്പാക്കണം.
- യോഗങ്ങൾക്കായി വായു സഞ്ചാരമുള്ള മുറികൾ അല്ലെങ്കിൽ തുറസ്സായ സ്ഥലങ്ങൾ തെരഞ്ഞെടുക്കാം.
- പ്രാസംഗികരുടെ എണ്ണം പരിമിതപ്പെടുത്തണം.
- ഓരോ പ്രാസംഗികരും മൈക്ക് ഉപയോഗിച്ചതിനു ശേഷം മൈക്ക്, സ്റ്റാന്റ്, മറ്റ് അനുബന്ധ സാധനങ്ങൾ എന്നിവ സാനിറ്റൈസ് ചെയ്യുകയോ അണുമുക്തമാക്കുകയോ ചെയ്യേണ്ടതാണ്.
- റെക്കോർഡ് ചെയ്ത പ്രസംഗങ്ങളും മറ്റും ഉപയോഗിക്കുന്നത് കൂടുതൽ അഭികാമ്യമാണ്.

## പ്രചാരണ പരിപാടികൾ/ ഗൃഹസന്ദർശനം/ കുടുംബയോഗങ്ങൾ.

- മാസ്ക്, സാനിറ്റൈസേഷൻ, ശാരീരിക അകലം എന്നിവ പാലിച്ച് കൊണ്ട് പരമാവധി രണ്ടു പേരെ മാത്രം ഉൾപ്പെടുത്തി ഗൃഹ സന്ദർശനം നടത്താം.
- ഗൃഹ സന്ദർശനം ഒറ്റത്തവണ മാത്രമായി പരിമിതപ്പെടുത്താം.
- ഗൃഹ സന്ദർശനത്തിന് നിയോഗിക്കപ്പെട്ട ആളുകൾ സന്ദർശിച്ച വീടുകൾ രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കുന്നത് നല്ലതാണ്.
- ലഘുലേഖകൾ വിതരണം ചെയ്യുന്ന ആളുകൾ ഓരോ മണിക്കൂറിലും കൈകൾ സാനിറ്റൈസ് ചെയ്യേണ്ടതാണ്.
- ഗൃഹ സന്ദർശന വേളയിൽ പ്രായാധിക്യം ഉള്ളവർ, രോഗികൾ, ഗർഭിണികൾ എന്നിവരുമായി രണ്ടു മീറ്റർ അകലം നിർബന്ധമായും പാലിക്കണം.
- ഹസ്തദാനം, ആലിംഗനം എന്നിവ കർശനമായും ഒഴിവാക്കണം.
- പ്രചരണത്തിനായി വാട്ട്സ് ആപ് കൂട്ടായ്മകൾ, മറ്റ് സോഷ്യൽ മീഡിയകൾ എന്നിവ കൂടുതലായി ഉപയോഗപ്പെടുത്താം.
- കുടുംബ യോഗങ്ങൾ രോഗ വ്യാപനത്തിനുള്ള സ്രോതസ്സുകളായി മാറാൻ സാദ്ധ്യതയുള്ളതിനാൽ യോഗങ്ങൾ സംഘടിപ്പിക്കുമ്പോൾ അതീവ ജാഗ്രത പുലർത്തണം.
- റിവേഴ്സ് ക്വാറന്റൈൻ നിർദേശിച്ചിട്ടുള്ള ആളുകൾ യോഗങ്ങളിൽ പങ്കെടുക്കാൻ സാദ്ധ്യതയുള്ളതിനാൽ കൂടുതൽ ജാഗ്രതയായിരിക്കണം.
- കുടുംബ യോഗങ്ങളുടെ സമയ പരിധി പരിമിതിപ്പെടുത്തുക.
- പരമാവധി സമയ പരിധി 15 മിനിറ്റായി പരിമിതപ്പെടുത്താം.
- ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർ, രോഗികൾ എന്നിവർ യോഗങ്ങളിൽ പങ്കെടുക്കാതിരിക്കണം.
- ശാരീരിക അകലം, മാസ്ക്, സാനിറ്റൈസേഷൻ എന്നിവ നിർബന്ധമായും പാലിക്കണം.
- കുടുംബ യോഗങ്ങളിൽ ലഘു ഭക്ഷണ വിതരണം ഒഴിവാക്കണം. നടത്തേണ്ടതുണ്ടെങ്കിൽ യോഗം പിരിച്ച് വിടുന്ന സമയത്ത് പുറത്തേക്കുള്ള കവാടത്തിൽ ഭക്ഷണം സജ്ജീകരിക്കാം.
- ലഘു ഭക്ഷണ വിതരണത്തിന് ഡിസ്പോസിബിൾ ബയോഡിഗ്രേഡബിൾ പാത്രങ്ങൾ ഉപയോഗിക്കണം. ഭക്ഷ്യവസ്തുക്കൾ പരസ്പരം ഷെയർ ചെയ്യുന്നതും കഴിക്കുമ്പോൾ പരസ്പരം സംസാരിക്കുന്നതും ഒഴിവാക്കണം.
- വോട്ടർ സ്ലിപ് വിതരണ വേളയിലും ശാരീരിക അകലം, മാസ്ക്, സാനിറ്റൈസേഷൻ എന്നിവ കർശനമായും പാലിക്കണം.



## തെരഞ്ഞെടുപ്പിനു തൊട്ട്മുമ്പ്

- പോളിങ് സാമഗ്രികൾ വിതരണം നടക്കുന്നിടത്ത് കൂട്ടം കൂടുന്നത് ഒഴിവാക്കാനുള്ള നടപടികൾ വേണം.

- ഓരോ ബൂത്തിലേക്കുമുള്ള ടീമുകളെ മുൻകൂട്ടി സംഘടിപ്പിക്കുകയും വിവരങ്ങൾ കൈമാറുകയും പ്രത്യേകം സ്ലോട്ട് വെച്ചു വിതരണം നടത്തുകയും ചെയ്താൽ തിരക്കും ആൾക്കൂട്ടവും നിയന്ത്രിക്കാൻ സാധിക്കും.

- ഇതുപോലെ തന്നെ പോളിംഗ് സാമഗ്രികൾ തിരിച്ച് ഏൽപ്പിക്കുന്ന സമയത്തും ശ്രദ്ധ വേണം.

- കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് വോട്ട് രേഖപ്പെടുത്തേണ്ടത് എങ്ങനെ എന്നതിന് വിഡിയോകളിലൂടെയും മറ്റും വ്യാപകമായ പ്രചാരണം കൊടുക്കണം.

## തെരഞ്ഞെടുപ്പു ദിവസം.

- തെരഞ്ഞെടുപ്പു ദിവസം ബൂത്തിന് പുറത്തു സ്ലിപ്പ് വിതരണം  നടത്തുന്നുണ്ടെങ്കിൽ അവിടെ ആൾക്കൂട്ടം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

- ഒരു മീറ്റർ ശാരീരിക അകലം പാലിക്കാൻ  ഉതകുന്ന മാർക്കിങ്ങുകൾ, കൈകൾ ശുചിയാക്കുന്നതിന് സോപ്പ്, വെള്ളം / സാനിറ്റൈസർ എന്നിവ സ്ലിപ്പ് വിതരണം നടത്തുന്നിടത്തു  ഉണ്ടാകണം.

- സ്ലിപ്പ് വിതരണം ചെയ്യുന്നവർ മാസ്ക്, ഫേസ് ഷീൽഡ് എന്നിവ ശരിയായി ധരിക്കുകയും ഒന്നോ രണ്ടോ മണിക്കൂറുകൾ ഇടവിട്ട് കൈ സാനിറ്റൈസ് ചെയ്യുകയും മൂന്ന് മണിക്കൂർ ഇടവേളയിൽ എങ്കിലും ഉപയോഗിക്കുന്ന മാസ്ക് മാറ്റി പുതിയത് ധരിക്കുകയും      വേണം.

- ഓരോ ബൂത്തും കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ പ്രാദേശിക ആരോഗ്യ പ്രവർത്തകരെ ചുമതലപ്പെടുത്തണം.

- ബൂത്തിന്റെ ചുമതല ഉള്ള ആരോഗ്യ പ്രവർത്തകർക്കും പോസ്റ്റൽ വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം.

- വ്യക്തി സുരക്ഷാ ഉപകരണങ്ങൾ എങ്ങനെ സുരക്ഷിതമായി ഡിസ്പോസ് ചെയ്യണം എന്നതിന് വ്യക്തമായ മാർഗ നിർദേശം വേണം. അതിനുള്ള സൗകര്യം ഒരുക്കണം.

- ബൂത്ത് തലേ ദിവസം തന്നെ അണു വിമുക്തമാക്കിയിരിക്കണം. ബൂത്തിന്റെ ജനാലകൾ തുറന്നിടണം. ബൂത്തിനകത്തു കോവിഡ് ടെസ്റ്റ് നടത്തി നെഗറ്റീവ്  ആയ പോളിംഗ് ഉദ്യോഗസ്ഥർ, ബൂത്ത് ഏജന്റുമാർ, പോലീസ് ഉദ്യോഗസ്ഥൻ, അറ്റൻഡർ എന്നിവർ ശാരീരിക അകലം പാലിച്ചു ഇരിക്കണം.

- സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച  പോസ്റ്ററുകൾ ബൂത്തിന് പുറത്തു പ്രദർശിപ്പിക്കണം.

- ബൂത്ത് ഒരുക്കുന്നതിനെക്കുറിച്ചുള്ള ഒരു S.O.P സർക്കാർ പ്രത്യേകം തയ്യാറാക്കി നൽകണം.

- ആളുകൾക്ക്  ശാരീരിക അകലം പാലിച്ചു കൊണ്ട് ക്യൂ നിൽക്കാൻ ഉള്ള പ്രത്യേകം മാർക്ക് ചെയ്ത സ്ഥലം വേണം ബൂത്തിനകത്ത് ഒരു സമയം ഒരു വോട്ടർ മാത്രം കയറുന്ന വിധത്തിൽ ആയിരിക്കണം സജ്ജീകരണം. അകത്തേക്ക് കടക്കാനും പുറത്തേക്ക് പോകാനും വെവ്വേറെ കവാടങ്ങൾ/ വാതിലുകൾ നിജപ്പെടുത്തിയിരിക്കണം.

- വോട്ട് ചെയ്യാൻ വരുന്നവർ മാസ്ക് ശരിയായ രീതിയിൽ ധരിച്ചിരിക്കണം.

- ഹാളിനു പുറത്തു കൈ കഴുകാനും വോട്ട് ചെയ്യാൻ  കടക്കുമ്പോൾ സാനിറ്റൈസർ ഉപയോഗിക്കാനും ഉള്ള സൗകര്യമുണ്ടാവണം.

- തിരിച്ചറിയൽ സമയത്ത് മാത്രം അല്പനേരത്തേക്കു മാസ്ക് മാറ്റാം.



- തിരിച്ചറിയൽ രേഖകൾ ഉദ്യോഗസ്ഥർ കൈയിൽ വാങ്ങാതെ വോട്ടറോട് പ്രദർശിപ്പിക്കാൻ പറയാം. അതു വഴി ഐഡന്റിറ്റി സ്ഥിരീകരിക്കുന്നതായിരിക്കും അഭികാമ്യം.

- വോട്ടർമാർ ഒപ്പു രേഖപ്പെടുത്താൻ സ്വന്തം പേന കൊണ്ടുവരുന്നത് നല്ലതാണ്.

- വോട്ടർമാരുടെ വിരലിൽ മഷി പുരട്ടുമ്പോൾ ഉദ്യോഗസ്ഥർ വിരൽ തൊടാതെ ശ്രദ്ധിക്കേണ്ടതാണ്.

- വോട്ട് ചെയ്ത ശേഷം പുറത്തു കടക്കുന്ന സമയത്തും സാനിറ്റൈസർ ഉപയോഗിക്കണം.

- പോളിങ് സ്റ്റേഷന് മുന്നിലോ സമീപത്തോ കൂട്ടം കൂടി നിൽക്കുന്നത് ഒഴിവാക്കണം.

- പ്രായാധിക്യം മൂലമോ മറ്റ് ശാരീരിക അസ്വസ്ഥതകൾ മൂലമോ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും പോസ്റ്റൽ വോട്ട് അല്ലെങ്കിൽ മറ്റെന്തെങ്കിലും സംവിധാനം വഴി പോളിംഗ് സ്റ്റേഷനിൽ വരാതെ വോട്ട് ചെയ്യാൻ ഉള്ള സൗകര്യം ഏർപ്പെടുത്തുന്നത് ആലോചിക്കാവുന്നതാണ്.
അങ്ങനെ ഉള്ളവർക്ക് പ്രത്യേകം സമയം (താരതമ്യേന തിരക്ക് കുറവുള്ള സമയം നോക്കി) അനുവദിക്കാൻ സാധിക്കുമോ എന്നതും ആലോചിക്കാവുന്നതാണ്.

- സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ ക്യൂ എന്നതിനേക്കാളും ഒരു കുടുംബത്തിന് ഒന്നിച്ച് ഒരു ക്യൂ എന്നതായിരിക്കും കൂടുതൽ അനുയോജ്യം.

## തെരഞ്ഞെടുപ്പിനു ശേഷം

- സ്ഥാനാർത്ഥികളും ബൂത്തിലുള്ള പ്രവർത്തകരും തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരാഴ്ച്ചക്ക് ശേഷം ടെസ്റ്റ് ചെയ്യുന്നത് നന്നാവും.

- രോഗ ലക്ഷണമുള്ളവർ ഉടനടി ടെസ്റ്റ് ചെയ്യേണ്ടതാണ്.

- തെരഞ്ഞെടുപ്പ് ഡ്യൂട്ടി കഴിഞ്ഞു വീട്ടിൽ പോകുന്ന ഉദ്യോഗസ്ഥർ ഒരാഴ്ചയെങ്കിലും ഗൃഹനിരീക്ഷണത്തിൽ കഴിയുകയും വീട്ടിലുള്ള കുട്ടികൾ, പ്രായമായവർ, അസുഖബാധിതർ എന്നിവരോട് അടുത്ത സമ്പർക്കം വരാതെ നോക്കുകയും വേണം. നിരീക്ഷണ കാലയളവിനു ശേഷം വീണ്ടും ടെസ്റ്റിന് വിധേയർ ആവുകയും വേണം.

- തെരഞ്ഞെടുപ്പിന് ശേഷം ഒരാഴ്ചയെങ്കിലും തെരഞ്ഞെടുപ്പ് നടന്ന സ്ഥലങ്ങളിൽ ആളുകൾ കൂടുന്നത് ഒഴിവാക്കാൻ ശ്രമിക്കുന്നത് വലിയ രീതിയിലുള്ള രോഗവ്യാപനം ഉണ്ടാകുന്നത് ഒഴിവാക്കാൻ സഹായിക്കും.

- ആഹ്ളാദ പ്രകടനസമയത്ത് ആളുകൾ കൂട്ടം ചേരുന്നതിനു വലിയ സാധ്യത ഉള്ളതിനാൽ അവ ഒഴിവാക്കുന്നതായിരിക്കും അഭികാമ്യം.

**താഴെയുള്ള തലക്കെട്ടിൽ/ചിത്രത്തിൽ തൊടുക**

**കോവിഡ് കാലത്തെ തെരഞ്ഞെടുപ്പ് -**
**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**
**വീഡിയോ അവതരണം കാണാം**

**കോവിഡ് വിജ്ഞാനശേഖരം**
**ലേഖനങ്ങൾ, ലഘുലേഖകൾ**
**വീഡിയോകൾ**
**എന്നിവയ്ക്ക്**



**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**